# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. സീനിയോറിറ്റി ലിസ്റ്റിൽ പേര് ചേർക്കുന്നതിനായുള്ള ഡോ. പി.പി. വത്സല, അസിസ്റ്റൻറ് സർജൻെറ അപേക്ഷ ലിസ്റ്റിൽ ഉൾപ്പെടുത്തി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഉത്തരവ് നം. ഇ.എസ്.7-101455/07/ആ.വ.ഡ തീയതി 21/3/2012.
2)എ.ജി.യുടെ 19/4/18 തീയതിയിലെ ജി.ഇ.04/എഫ്/വി 37-133/230 കത്ത്
3)ഡോ. പി.പി. വത്സല, അസിസ്റ്റൻറ് സർജൻെറ 27/4/17ലെ കത്ത്.
4) 9/10/2000 ലെ കെ.പി.എസ്.സി.യിലെ ആർ.ഐ.എ(3) 24454/99/ജി.ഡബ്ല്യു പ്രകാരമുള്ള നിയമന ശുപാർശ.
5)ഉത്തരവ് നം. ഇ.എ3-55421/00/ആ.വ.ഡ തീയതി 8/11/2000.
6)ഈ ആഫീസിലെ 11/5/2018 തീയതിയിലെ ഇതേ നം നോട്ടീസ്.

**ഉത്തരവ് നം. ഇ.എസ്.4-88946/17/ആ.വ.ഡ തീയതി 7/7/2018.**

ഡോ. പി.പി. വത്സല, അസിസ്റ്റൻറ് സർജൻ, സർക്കാർ മാനസികാരോഗ്യകേന്ദ്രം, കോഴിക്കോട് മേൽ സൂചന 4,5 ഉത്തരവുകൾപ്രകാരം 30/11/2000ൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും സൂചന 1 പ്രകാരം 31/12/2006 വരെയുള്ള അസിസ്റ്റൻറ് സർജന്മാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. ആയതിൽ ഉൾപ്പെടുത്തുന്നതിനായി സൂചന '3' പ്രകാരം ടിയാൾ അപേക്ഷ ലഭ്യമാക്കിയിരുന്നു.

ഡോ. പി.പി. വത്സല കേരള പബ്ലിക് സർവ്വീസ് കമ്മീഷൻെറ നിയമന ശുപാർശ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ നിയമന ഉത്തരവ് എന്നിവ പരിശോധിച്ചതിൽ ടിയാൾക്ക് 732 എ എന്ന സ്ഥാനത്തിന് അർഹയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സൂചന 6 പ്രകാരം നോട്ടീസ് നൽകി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുവാൻ താൽകാലികമായി തീരുമാനിക്കുകയും നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിൻമേൽ ആരും തന്നെ അക്ഷേപങ്ങൾ ഒന്നും ഉന്നയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കോഴിക്കോട് സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിലെ അസി: സർജനായ ഡോ. പി.പി. വത്സലയെ അസിസ്റ്റൻറ് സർജന്മാരുടെ 31/12/2006 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 732 എ എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| റാങ്ക് നം. | പേര് | നിയമനശുപാർശയിലെ സ്ഥാനം |
|---|---|---|
| 732 | ഡോ. മനോജ് കെ.എ. | 171 |
| 732 എ | ഡോ. പി.പി. വത്സല | 173 |
| 733 | ഡോ. വിനോദ് പൗലോസ് | 176 |

സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടിക ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഡോ. സരിത ആർ.എൽ.
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഡോ. പി.പി. വത്സല, അസി: സർജൻ, സ.മാ.ആ.കേ കോഴിക്കോട്
3) സൂപ്രണ്ട് ഇ.എ. സെക്ഷൻ / വെബ് സൈറ്റ്